LIBRARY ARCHIVES Kerala Legislative Assembly

3. വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### ദേശീയ ഭക്ഷ്യഭദ്രതാ നിയമം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നവംബർ ഒന്നുമുതൽ കേരളത്തിൽ നടപ്പിലാകുകയാണ്. നിയമത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കാൻ മാർച്ച് 31 വരെ സമയം വേണ്ടി വരും. എന്നാൽ ഒക്ടോബർ 5-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കരട് പട്ടിക താൽക്കാലികമായി അംഗീകരിച്ച് ധാന്യവിതരണം തുടങ്ങണമെന്ന കേന്ദ്ര സർക്കാരിന്റെ നിർബന്ധംമൂലമാണ് ഇത്തരമൊരു നടപടിയിലേയ്ക്ക് നീങ്ങാൻ നാം നിർബന്ധിതരായത്. തുടർന്ന് കരട് പട്ടിക ഒക്ടോബർ 20-ന് സാർവ്വത്രികമായി പ്രസിദ്ധീകരിച്ചിരുന്നു. പട്ടികയിലെ ആക്ഷേപങ്ങളും അവകാശവാദങ്ങളും സ്വീകരിച്ച് തീർപ്പുകൽപ്പിക്കാൻ വെരിഫിക്കേഷൻ കമ്മിറ്റികളും അപ്പീൽ കമ്മിറ്റികളും അവരിൽ അർപ്പിതമായ ചുമതലകൾ തികഞ്ഞ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും സർക്കാർ ചെയ്തുകഴിഞ്ഞു. അർഹതപ്പെട്ടവർ ഒഴിവാകാതെയും കടന്നുകൂടിയ അനർഹരെ ഒഴിവാക്കിയും കുറ്റമറ്റ മുൻഗണനാപ്പട്ടിക തയ്യാറാക്കണം. വസ്തുതകൾ മറച്ചുവച്ചോ ശരിയായ രീതിയിൽ കാര്യങ്ങൾ നൽകാതെയോ മുൻഗണനാപ്പട്ടികയിൽ കയറി